# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2290 — 18.03.2015-ൽ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്തൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.പി.സി വിഷ്ണുനാഥ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും<br>വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ റേറ്റിംഗ് സമ്പ്രദായം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രപൊതുമേഖലാവ്യവസായങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള MOU സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ-പ്രവർത്തനങ്ങൾ സ്വീകരിച്ചിരുന്നു. ഇതിന്റെ ഭാഗമായി 21 സ്ഥാപനങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള MOU തയ്യാറാക്കുകയും അവയിൽ 10 സ്ഥാപനങ്ങളുടെ വിശദമായ വിലയിരുത്തൽ നടത്തിയിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ സംവിധാനത്തിൻെറ ഭാഗമായി ഉടമ്പടിയിൽ ഏർപ്പെടേണ്ട സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും അവലംബിക്കേണ്ട നയപരവും സാങ്കേതികപരവുമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി തിരഞ്ഞെടുക്കുന്ന സ്ഥാപനത്തിൽ ഈ സംവിധാനം നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ; | (ബി) | MOU സംവിധാനം നടപ്പിലാക്കുന്നതു വഴി പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത, വിറ്റുവരവ്, ലാഭം, സാമ്പത്തിക അച്ചടക്കം, ഉൽപ്പന്നത്തിൻെറ ഗുണമേന്മയും അംഗീകാരവും, തൊഴിലാളി-മാനേജ്മെൻറ് ബന്ധം, "Research & Development" സ്ഥാപനങ്ങളുമായുള്ള ബന്ധം, സാമൂഹിക പ്രതിബദ്ധത എന്നീ മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്നതാണ്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; | (സി) | MOU സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല റിയാബിനെയാണ് ഏൽപ്പിച്ചിരുന്നത്. പരീക്ഷണാ- |

| | | | |
|---|---|---|---|
| | | | ടിസ്ഥാനത്തിൽ തയ്യാറാക്കിയ MOU ൻെറ വിശദമായ വിലയിരുത്തൽ നടത്തുന്ന-തിനായി സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്മെൻറ് എന്ന സ്ഥാപനത്തിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. |
| (ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കമോ? | (ഡി) | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി കേന്ദ്രപൊതുമേഖ ലാവ്യവസായങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള MOU സ ംവിധാനം പ്രാവർത്തിക മാക്കുന്നതിനുള്ള പ്രാരംഭ-പ്രവർത്തനങ്ങൾ സ്വീകരിച്ചിരുന്നു. ഇതിൻെറ ഭാഗമായി 21 സ്ഥാപനങ്ങളുടെ പരീക്ഷണാടി സ്ഥാനത്തിലുള്ള MOU തയ്യാറാക്കുകയും അവയിൽ 10 സ്ഥാപനങ്ങളുടെ വിശദമായ വിലയിരുത്തൽ നടത്തിയിട്ടുമുണ്ട്. ഈ സംവിധാനത്തിൻെറ ഭാഗമായി ഉടമ്പടിയിൽ ഏർപ്പെടേണ്ട സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും അവലംബിക്കേണ്ട നയപരവും സാങ്കേതികപരവുമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി തിരഞ്ഞെടുക്കുന്ന |

സ്ഥാപനത്തിൽ ഈ സംവിധാനം നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ